# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 12

## വാർത്താക്കുറിപ്പ്

---

## എം.ജി. പി.ജി. ഏകജാലകം; രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു: ജൂൺ 14ന് വൈകീട്ട് നാലിന് മുമ്പായി പ്രവേശനം നേടണം

മഹാത്മാ ഗാന്ധി സർവകലാശാല ഏകജാലകം വഴിയുള്ള പി.ജി. പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 14ന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. 14നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് പരിഗണിക്കില്ല.

അപേക്ഷകർ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും. ഇപ്രകാരം മാറ്റം ലഭിക്കുന്നവർ വീണ്ടും ഫീസടയ്ക്കേണ്ടതില്ല.

ജൂൺ 15 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കാം. ഒന്നാം അലോട്ട്മെന്റിൽ ലഭിച്ച സ്റ്റാറ്റസ് തന്നെയാണ് രണ്ടാം അലോട്ട്മെന്റിലും കാണിക്കുന്നതെങ്കിൽ അതേ കോളേജിൽ പ്രവേശനത്തിന് വീണ്ടും റിപ്പോർട്ട് ചെയ്യേണ്ടതില്ല.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1060/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ ബി.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂലൈ 10ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 17 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1061/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഭരതനാട്യം, മോഹിനിയാട്ടം, മൃദംഗം (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കല ജൂൺ 18 മുതൽ 28 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1062/2019)

നാലാം സെമസ്റ്റർ (2017 അഡ്മിഷൻ റഗുലർ) സി.ബി.സി.എസ്., (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) സി.ബി.സി.എസ്.എസ്., അഞ്ചാം സെമസ്റ്റർ (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്, ഓഡിയോഗ്രാഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ്,

വിഷ്വൽ കമ്മ്യൂണിക്കേഷൻ - യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 17ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1063/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ്, പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018) ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി ജൂൺ 20ന് പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1064/2019)

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി ജൂൺ 25ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1065/2019)

## സംവരണ സീറ്റൊഴിവ്; സ്പോട്ട് അഡ്മിഷൻ ഇന്റർവ്യൂ ജൂൺ 17ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് പബ്ലിക് പോളിസി ആന്റ് ഗവേണൻസ് പ്രോഗ്രാമുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിനായി ഒഴിവുള്ള സീറ്റുകളിലെ സ്പോട്ട് അഡ്മിഷനുള്ള ഇന്റർവ്യൂ ജൂൺ 17ന് രാവിലെ 10ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1066/2019)

## പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ; അപേക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ പി.എച്ച്.ഡി. കോഴ്സ് വർക്ക് (2018 അഡ്മിഷൻ) പരീക്ഷയ്ക്ക് ഓൺലൈനായി ജൂൺ 26 വരെ രജിസ്റ്റർ ചെയ്യാം. എം.ഫിൽ യോഗ്യത ഇല്ലാത്ത ഗവേഷക വിദ്യാർഥികൾ 1300 രൂപയും എം.ഫിൽ യോഗ്യതയുള്ള വിദ്യാർഥികൾ 500 രൂപയും റിസർച്ച് മെതഡോളജിക്ക് മാത്രം പങ്കെടുക്കുന്നവർ 500 രൂപയും (ഓരോ തിയറി പേപ്പറിനും 400 രൂപയും മാർക്ക് ലിസ്റ്റ് ഫീസായി 100 രൂപയും) അടയ്ക്കണം. www.epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായാണ് ഫീസടയ്ക്കേണ്ടത്. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/1067/2019)

## പരീക്ഷഫലം

2019 ഏപ്രിലിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1068/2019)

## 'വലിച്ചെറിയൽ മുക്ത കാമ്പസ്, ഗ്രാമം, നഗരം' പദ്ധതിക്ക് തുടക്കമായി

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ നടത്തുന്ന 'വലിച്ചെറിയൽ മുക്ത കാമ്പസ്, ഗ്രാമം, നഗരം' പദ്ധതിക്ക് തുടക്കമായി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണതകൾക്കെതിരായുള്ള കർമ്മ പദ്ധതിയാണിത്. പദ്ധതിയുടെ സർവകലാശാലതല ഉദ്ഘാടനം മാന്നാനം കെ.ഇ. കോളേജ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സർവകലാശാല കാമ്പസിലും എല്ലാ കോളേജുകളിലും തുടർന്ന് ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും പദ്ധതി വ്യാപിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ബോധവത്ക്കരണം, പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ എന്നിവയാണ് മുഖ്യമായി നടപ്പാക്കുന്നത്. സർവകലാശാല രജിസ്ട്രാറും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുമായ ഡോ. കെ. സാബുക്കുട്ടൻ അധ്യക്ഷത വഹിച്ചു. സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു പദ്ധതി വിശദീകരിച്ചു. കെ.ഇ. കോളേജ് പ്രിൻസിപ്പൽ ഡോ. ആന്റണി തോമസ്,

വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജോസഫ് മുകളേൽ സി.എം.ഐ., പ്രോഗ്രാം ഓഫീസർമാരായ ഡോ. ബ്രിജിത് പോൾ, പ്രൊഫ. നീതു ജോസ് എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ നടത്തുന്ന 'വലിച്ചെറിയൽ മുക്ത കാമ്പസ്, ഗ്രാമം, നഗരം' പദ്ധതി മാന്നാനം കെ.ഇ. കോളേജ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1069/2019)

## രണ്ടാഴ്ചയ്ക്കുള്ളിൽ എം.എ. ഇക്കണോമിക്സ് പരീക്ഷഫലം പ്രസിദ്ധീകരിച്ച് ഡോ. കെ.എൻ. രാജ് സെന്റർ

പരീക്ഷ പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ ഫലം പ്രഖ്യാപിച്ച് ഡോ. കെ.എൻ. രാജ് സെന്റർ മാതൃകയായി. എം.എ. ഇക്കണോമിക്സ് (2017-19) ബാച്ചിന്റെ ഫലമാണ് പ്രസിദ്ധീകരിച്ചത്. കഴിഞ്ഞ വർഷങ്ങളിലേതുപോലെ കോഴ്സ് തുടങ്ങി 23 മാസത്തിനുള്ളിൽ അവസാന വർഷ ഫലം പ്രസിദ്ധീകരിച്ചു. വി.എസ്. ആര്യ ഒന്നാം റാങ്കും, കാർത്തിക വിജയൻ രണ്ടാം റാങ്കും നേടി.

(പി.ആർ.ഒ./39/1070/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ